പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3381

11.05.2017 - ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിലുള്ള അരിക്കടകൾ

| ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| അരി വില നിയന്ത്രിക്കുന്നതിനു വേണ്ടി കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ അരിക്കടകൾ തുടങ്ങുന്ന സംവിധാനം ഉത്സവ സീസണിൽ മാത്രം നടപ്പിലാക്കുന്നതിനു പകരം സ്ഥിരമായി തുടരുമോ എന്ന് വ്യക്തമാക്കാമോ? | അരിവില നിയന്ത്രിക്കുന്നതിനു വേണ്ടി കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ അരിക്കടകൾ ആരംഭിച്ചത് ഉത്സവ സീസണിൽ മാത്രം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ അല്ല. അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിലെ വിൽപ്പന വില പിടിച്ചു നിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് തീരുമാനിക്കുകയും ഇത് വഴി 680 അരിക്കടകൾ ആരംഭിച്ച് സുവർണ്ണ മസ്സൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് വിൽപ്പന നടത്തി വരികയും ചെയ്തുവരുന്നു. പൊതു വിപണിയിൽ അരിയുടെ വില കുറയുന്നത് വരെ അരിക്കടകൾ തുടരുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കൺസ്യൂമർഫെഡിന്റെ സ്വന്തം വിപണന കേന്ദ്രങ്ങളായ ത്രിവേണി, സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ എന്നിവയിലൂടെ അരി ഉൾപ്പെടെ വിവിധ അവശ്യവസ്തുക്കൾ സ്ഥിരമായി വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ